# കാർഷികകാലാവസ്ഥബുള്ളറ്റിൻ - ആലപ്പുഴ ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Alp-18/2025** *ചതയം ഞാറ്റുവേല* **തീയതി: 04.03.2025 കുംഭം 22**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (27/02/25- 03/03/25) | കാലാവസ്ഥ പ്രവചനം (05/03/25 - 09/03/25) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 38.6 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 24.0 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 44-നും 91-നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 2-4 കിലോമീറ്റർ വരെയുമായിരുന്നു. ആലപ്പുഴ ജില്ലയിൽ ഈ കാലയളവിൽ 0.4mm മഴ ലഭിച്ചു. | ആലപ്പുഴ ജില്ലയിൽ അടുത്ത അഞ്ചു ദിവസങ്ങളിൽ വരണ്ട കാലാവസ്ഥ പ്രതീക്ഷിക്കുന്നു. ഈ ആഴ്ച പരമാവധി താപനില 36.0$^{0}$C ഉം കുറഞ്ഞ താപനില 26.0$^{0}$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 65% നും 90% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 3-6 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | പച്ചക്കറികൾക്കും വാഴയ്ക്കും ജലസേചനം നൽകുക. ഗ്രോ ബാഗുകളിലും തടങ്ങളിലും തൊണ്ട് അടുക്കുകയോ, കരിയിലയോ ചെറു കഷണങ്ങളാക്കിയ വാഴപ്പിണ്ടിയോ പുതയായി ഉപയോഗിക്കാം.ഇങ്ങനെ ചെയ്യുന്നതിനു ശേഷം നനയ്ക്കുന്നത് ബാഷ്പീകരണം കുറയ്ക്കുകയും അതുവഴി ജല ഉപഭോഗം കുറയ്ക്കാനും സഹായിക്കുന്നു. |
| തെങ്ങ് | വളർച്ചാ ഘട്ടം | മച്ചിങ്ങയെ ബാധിക്കുന്ന കോറിഡ് ബഗ്ഗ്നു എതിരെ സ്പൈറോമെസിഫെൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക. പരാഗണം നടക്കുന്ന പൂങ്കുലയിൽ കീടനാശിനി വീഴരുത്. |
| വാഴ | വളർച്ചാ ഘട്ടം | വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ ഉണങ്ങിയ ഇലകൾ നീക്കം ചെയ്തു ക്ലോർപൈറിഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച പിണ്ടിയിൽ തളിച്ച് കൊടുക്കുക. |
| വഴുതന | വളർച്ചാ ഘട്ടം | വഴുതനയുടെ ബാക്റ്റീരിയൽ വാട്ടത്തിനു പ്രതിരോധ ശേഷിയുള്ള സൂര്യ, ശ്വേത, ഹരിത, സങ്കര ഇനമായ നീലിമഎന്നിവ കൃഷി ചെയ്യാൻ ശ്രദ്ധിക്കുക. |
| നെല്ല് | വളർച്ചാ ഘട്ടം | വെള്ളം ലഭ്യമായ പാടങ്ങളിൽ വേനൽക്കാല പച്ചക്കറി കൃഷികൾ ചെയ്യാവുന്നതാണ്. |
| പയർ | വളർച്ചാ ഘട്ടം | പയറിൽ മുഞ്ഞയെ നിയന്ത്രിക്കാൻ വേപ്പെണ്ണ മിശ്രിതം തളിക്കുക. |